# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3166

14.03.2018-ൽ മറുപടിക്ക്

## ലോവർ ഡിവിഷൻ ക്ലാർക്കിന്റെ റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം

ചോദ്യം

ശ്രീ.എം.ഉമ്മർ

ഉത്തരം

പിണറായി വിജയൻ

മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ വിവിധ ജില്ലകളിൽ നിലവിലിരിക്കുന്ന ലോവർ ഡിവിഷൻ ക്ലാർക്കിന്റെ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നൽകുന്നത് മന്ദഗതിയിലാണെന്ന വസ്തുത സർക്കാർ പരിശോധിച്ചിട്ടുണ്ടോ; | (എ) | ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുവാൻ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. വിവിധ വകുപ്പുകളിലേയ്ക്കുള്ള ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികയിലെ നിയമനത്തിനായി എഴുതി അറിയിക്കുന്ന ഒഴിവുകളിലേക്ക് നിലവിലെ ലിസ്റ്റുകളിൽ നിന്നും സമയബന്ധിതമായി പി.എസ്.സി. നിയമന ശിപാർശ നൽകിവരുന്നു. |
| (ബി) | വിവിധ വകുപ്പുകളിൽ ഉണ്ടാകുന്ന ഒഴിവുകൾ ആശ്രിത നിയമനത്തിന്റെ ബാക്ക് ലോഗ് ക്ലിയർ ചെയ്യുന്നതിനും അവരെ റെഗുലറൈസ് ചെയ്യുന്നതിനു-മാണ് ഉപയോഗിക്കുന്നതെന്ന ആക്ഷേപം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; | (ബി) യും (സി) യും | സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരം സൂപ്പർ ന്യൂമററി തസ്തികയിൽ നിയമിച്ച ജീവനക്കാരെ ഓരോ വർഷവും അതത് വകുപ്പുകളിൽ ഉണ്ടാകുന്ന ആകെ ഒഴിവുകളിൽ 5% ഒഴിവിൽ മാത്രമാണ് ആഗിരണം ചെയ്ത് ക്രമീകരിക്കുന്നത്. സർവ്വീസ് ക്രമീകരണം നടത്തുന്നതുവരെ സൂപ്പർ ന്യൂമററി ജീവനക്കാരുടെ നിയമനം KS&SSR ഭാഗം .II ചട്ടം 9(a)(i) പ്രകാരമുള്ള താൽക്കാലിക നിയമനമാണ്. ഇവരുടെ സർവ്വീസ് ക്രമീകരണം സംബന്ധിച്ച വ്യവസ്ഥകൾ 21.07.2014 ലെ G.O(Ms) No.22/2014/P&ARD , 04.09.2015 ലെ G.O(Ms) No.26/2015/P&ARD എന്നീ |
| (സി) | തിരുവനന്തപുരം ജില്ലയിൽ നിലവിലുള്ള എൽ.ഡി.സി. റാങ്ക് ലിസ്റ്റിൽ നിന്നും ആനുപാതികമായ നിയമനം നൽകിയിട്ടില്ലെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; | | |

| | | | |
|---|---|---|---|
| | | | ഉത്തരവുകൾ മുഖാന്തിരം വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ ആശ്രിത നിയമനത്തിനായി സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നൽകുക വഴി റാങ്ക് ലിസ്റ്റിൽ നിന്നും ശിപാർശ ചെയ്യേണ്ട ഒഴിവുകളൊന്നും നഷ്ടപ്പെട്ടിട്ടില്ല. |
| (ഡി) | എങ്കിൽ റാങ്ക് ലിസ്റ്റിന്റെ കാലാവധി തീരാറായ പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും പരമാവധി നിയമനം നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (ഡി) | നിയമനം ത്വരിതപ്പെടുത്താൻ ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ച് വരുന്നുണ്ട്. 2018-ലെ പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് 16.08.2017-ലെ AdvC3/304/2017 /P&ARD നമ്പർ സർക്കുലർ മുഖേനയും കാലാവധി പൂർത്തിയാക്കുന്ന എൽ.ഡി.സി. (വിവിധം) എൽ.ജി.എസ്.(വിവിധം) റാങ്ക് ലിസ്റ്റുകളിൽ നിന്ന് പരമാവധി നിയമനം നടത്തുന്നതിലേയ്ക്കായി മുഴുവൻ ഒഴിവുകളും ഉണ്ടാവുന്ന മുറയ്ക്ക് തന്നെ യാതൊരു കാലതാമസവും കൂടാതെ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് നിഷ്കർഷിച്ച് 13.12.2017-ലെ ഉപസി 3/428/17/ഉഭപവ സർക്കുലർ മുഖേനയും ഒഴിവുകൾ പി.എസ്.സി.യുടെ ഇ-വേക്കൻസി സോഫ്റ്റ് വെയർ മുഖാന്തിരം കൃത്യമായി റിപ്പോർട്ട് ചെയ്യുവാൻ 20.12.2017-ലെ ഉപസി3/141/17/ ഉഭപവ സർക്കുലർ മുഖേനയും നിയമന പ്രക്രിയ ത്വരിതപ്പെടുത്തുന്നതിനായി എല്ലാ ഒഴിവുകളും അടിയന്തരമായി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും എല്ലാ വകുപ്പ് മേധാവികൾക്കും നിയമന അധികാരികൾക്കും 07.02.2018-ലെ ഉപസി3/536/17/ ഉഭപവ സർക്കുലർ മുഖേനയും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ എഴുതി അറിയിക്കുന്ന |

| | | | |
|---|---|---|---|
| | | | എല്ലാ ഒഴിവിലേക്കും പ്രസ്തുത ലിസ്റ്റിൽ നിന്നുതന്നെ പി.എസ്.സി. നിയമന ശിപാർശ നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ